I ഇ.ബി. XV - കേരള നിയമസഭ/VII-6

# പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ഡിസംബർ 12, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 153-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 153-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് മുഖ്യമന്ത്രി മേശപ്പുറത്തുവച്ചു.

## II. അടിയന്തരപ്രമേയം

<u>പോലീസ് സേനയിലെ ക്രിമിനൽവൽക്കരണം</u>

<u>മി. സ്പീക്കർ</u>: പോലീസ് സേനയിലെ ക്രിമിനലുകളുടെ സ്വാധീനവും പോലീസുകാർ പ്രതികളാകുന്ന കേസുകൾ വർദ്ധിക്കുന്നതും കേസ് അന്വേഷണത്തിൽ വീഴ്ച സംഭവിക്കുന്നതുംമൂലം ക്രമസമാധാനനില സംബന്ധിച്ച് സമൂഹത്തിൽ ആശങ്ക ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): പോലീസ് സേനയിലെ രാഷ്ട്രീയവൽക്കരണവും ക്രിമിനൽവൽക്കരണവുംമൂലം പോലീസുകാർ പ്രതികളാകുന്ന കേസുകൾ വർദ്ധിക്കുന്നുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. കേരളത്തിലെ ക്രമസമാധാനനില രാജ്യമാകെ അംഗീകരിച്ചിട്ടുള്ളതാണ്. പൊതുശ്രദ്ധ നേടിയ കേസുകളിൽ പ്രതികളെ കണ്ടെത്താനും സമയബന്ധിതമായി കുറ്റപത്രം സമർപ്പിക്കാനും പോലീസിന് കഴിഞ്ഞിട്ടുണ്ട്. കേസന്വേഷണം ഫലപ്രദമായും ശാസ്ത്രീയമായും നടത്താനുള്ള

നടപടികളാണ് പോലീസ് സ്വീകരിക്കുന്നത്. സൈബർ കേസന്വേഷണങ്ങൾക്ക് ജില്ലകളിൽ പ്രത്യേക പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുകയും സാമ്പത്തിക കുറ്റാന്വേഷണത്തിന് പ്രത്യേക വിഭാഗം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് സേനയിൽ ആദ്യമായി വനിതാ സബ് ഇൻസ്പെക്ടർമാരെ നേരിട്ട് നിയമിക്കുകയും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയുന്നതിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനും പ്രത്യേക വിഭാഗം സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. 2016 മുതൽ പോലീസുദ്യോഗസ്ഥർ പ്രതികളായി 828 ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസുകാർ പ്രതികളാകുന്ന കേസുകളിൽ അന്വേഷണം നടത്തി കുറ്റക്കാരെ സർവ്വീസിൽനിന്നും പിരിച്ചുവിടുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രമേയത്തിൽ ചൂണ്ടിക്കാണിച്ച പ്രത്യേക സംഭവങ്ങളിലെല്ലാം ഉന്നത ഉദ്യോഗസ്ഥർ അന്വേഷണം നടത്തി സമയബന്ധിതമായി നടപടി സ്വീകരിച്ചിട്ടുണ്ട്. വിഴിഞ്ഞത്തുണ്ടായ അക്രമസംഭവങ്ങളിൽ പോലീസ് പാലിച്ച സംയമനം മാതൃകാപരമാണ്. പ്രളയത്തിന്റെയും കോവിഡിന്റെയും ഘട്ടത്തിൽ സ്തുത്യർഹമായ സേവനമാണ് പോലീസ് കാഴ്ചവച്ചത്.

സമൂഹത്തോടൊപ്പംനിന്ന് പ്രവർത്തിക്കുന്ന പോലീസിനെ തരംതാഴ്ത്തിക്കാണിക്കാനുള്ള ശ്രമം അംഗീകരിക്കാനാവില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സംസ്ഥാനത്ത് നിരവധി കേസുകൾ രജിസ്റ്റർ ചെയ്തിട്ടും ചെറിയൊരു ശതമാനം പ്രതികളെ മാത്രമേ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ സാധിച്ചിട്ടുള്ളൂ. പോലീസുകാർ സമൂഹത്തോടൊപ്പംനിന്ന് സ്തുത്യർഹമായ സേവനം ചെയ്യുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. കുട്ടികളെ ലഹരിക്കടിമകളാക്കി ലഹരിവാഹകരാക്കുന്ന നിരവധി സംഭവങ്ങൾ സംസ്ഥാനത്തുണ്ടാകുന്നുണ്ട്. വയനാട്ടിൽ പട്ടികജാതിയിൽപ്പെട്ട കുട്ടിയെ പോക്സോ കേസ് തെളിവെടുപ്പിനായി കൊണ്ടുപോയപ്പോൾ എ.എസ്.ഐ. പീഡിപ്പിച്ചതും പരാതിയുമായി പോലീസ് സ്റ്റേഷനിലെത്തിയ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിനിയെ പീഡിപ്പിച്ചതും ന്യായീകരിക്കാൻ കഴിയില്ല. സ്ത്രീകൾ സുരക്ഷിതരല്ലാത്ത സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. കഴിഞ്ഞ മാസങ്ങളിൽ തിരുവനന്തപുരത്ത് സ്ത്രീകൾക്കെതിരെ നിരവധി അതിക്രമങ്ങളുണ്ടായി. എറണാകുളത്ത് ബിസിനസ് തട്ടിയെടുത്തശേഷം പട്ടികജാതിക്കാരിയായ യുവതിയെ ക്രൂര പീഡനത്തിനിരയാക്കിയ പ്രതിയെ സംരക്ഷിക്കുന്ന സമീപനമാണ്

ഗവൺമെന്റ് സ്വീകരിച്ചത്. നിരവധി കേസുകളിലെ പ്രതിയെ ബേപ്പൂർ കോസ്റ്റൽ പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. ആയി നിയമിച്ചത് അപലപനീയമാണ്. ഷാരോൺ വധക്കേസിലും വനിതാ ഡോക്ടറെ ആക്രമിച്ച കേസിലും സമയബന്ധിതമായി അന്വേഷണം ആരംഭിക്കാത്തത് പോലീസിന്റെ കെടുകാര്യസ്ഥതയ്ക്കുള്ള തെളിവുകളാണ്. രാത്രി നടത്തത്തിനുപോയ പെൺകുട്ടിക്ക് നേരെയുണ്ടായ ആക്രമണത്തിലും കാറിൽ ചാരിനിന്ന കുട്ടിയെ ഉപദ്രവിച്ച സംഭവത്തിലും ശരിയായ രീതിയിലുള്ള അന്വേഷണം നടന്നിട്ടില്ല. പോലീസിലെ ക്രിമിനൽവൽക്കരണത്തിനെതിരെ ശക്തമായ ശിക്ഷാനടപടികൾ സ്വീകരിക്കണം. പോലീസിന്റെ വഴിവിട്ട പ്രവർത്തനങ്ങളെ സഹായിക്കുന്ന സർക്കാർ നിലപാട് അവസാനിപ്പിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പരാതികൾ ലഭിച്ചാൽ കേസുകൾ രജിസ്റ്റർ ചെയ്യുന്ന കാര്യത്തിൽ പാകപ്പിഴ ഉണ്ടായിട്ടില്ല. തിരുവനന്തപുരത്ത് വനിതാ ഡോക്ടറെ ആക്രമിച്ച കേസിൽ ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രതിയെ അറസ്റ്റ് ചെയ്യുകയും തലശ്ശേരിയിൽ കാറിൽ ചാരിനിന്ന കുട്ടിയെ ആക്രമിച്ച പ്രതിയെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. നിരവധി ക്രിമിനൽ കേസുകളിൽ

പ്രതിയായ പോലീസിനെ സസ്പെൻഡ് ചെയ്ത് അന്വേഷണം നടത്തിവരികയാണ്. അമ്പലവയൽ പോക്സോ കേസ് ഇരയെ പീഡിപ്പിച്ച കേസിൽ വയനാട് സ്പെഷ്യൽ മൊബൈൽ യൂണിറ്റ് ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ അന്വേഷണം നടക്കുന്നു. കസ്റ്റഡിമരണം സംഭവിച്ചാൽ സി.ബി.ഐ. അന്വേഷിക്കുമെന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ആക്രമണങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മാതൃകാപരമായ നടപടികൾ സ്വീകരിച്ചുവരികയാണ്. പോക്സോ കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ 58 പുതിയ പ്രത്യേക കോടതികൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2016 മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള 504 കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. സ്ത്രീധനവുമായി ബന്ധപ്പെട്ട കേസുകളിൽ പോലീസ് നടപടിക്കൊപ്പം സാമൂഹിക ബോധവത്കരണവും കൗൺസിലിംഗും നടത്തുന്നുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, അനൂപ് ജേക്കബ്,

ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III. ശ്രദ്ധക്ഷണിക്കൽ

(1) ഭൂരഹിതർക്ക് ഭൂമി വിതരണം

ശ്രീ. പി. എസ്. സുപാൽ: ചട്ടങ്ങളിലും നിയമത്തിലും ഇളവുവരുത്തിയും വകുപ്പുകളിൽനിന്നും നിരാക്ഷേപ പത്രം വാങ്ങിയും പുറമ്പോക്കുകളിൽ താമസിക്കുന്ന അർഹരായവർക്ക് പട്ടയം ലഭ്യമാക്കണം. നിബന്ധനയ്ക്ക് വിധേയമായി അവകാശ പത്രികയ്ക്ക് പകരം പട്ടയം നൽകുന്ന കാര്യം പരിഗണിക്കണം. അനർഹമായി ഭൂമി കൈവശം വച്ചിട്ടുള്ളവരിൽനിന്ന് ഭൂമി പിടിച്ചെടുത്ത് അർഹരായവർക്ക് വിതരണം ചെയ്യണം. വനഭൂമി പട്ടയവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി താമസംവിനാ ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ നടത്തണം. കേന്ദ്രാനുമതി ലഭ്യമാക്കി പുനലൂർ, പത്തനാപുരം താലൂക്കുകളിൽ കെട്ടിക്കിടക്കുന്ന 4,552 പട്ടയ അപേക്ഷകൾ എത്രയുംവേഗം തീർപ്പാക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഭൂരഹിതരില്ലാത്ത കേരളമെന്ന ലക്ഷ്യം മുൻനിർത്തിയുള്ള ഗവൺമെന്റിന്റെ

പ്രവർത്തനങ്ങളുടെ ഫലമായി കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 54,535 പട്ടയങ്ങൾ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ലാൻഡ് ബോർഡുകളിൽ കെട്ടിക്കിടക്കുന്ന മുഴുവൻ മിച്ചഭൂമി കേസുകളും സമയബന്ധിതമായി തീർപ്പാക്കി ഭൂരഹിതർക്ക് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. യുണീക് തണ്ടപ്പേർ സിസ്റ്റം നടപ്പിലാകുന്നതോടെ പരിധിയിൽ കവിഞ്ഞ് ഭൂമി കൈവശം വയ്ക്കുന്നവരെ കണ്ടെത്താൻ സാധിക്കുന്നതാണ്. കമ്പനികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി നിയമപ്രകാരം ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. സംസ്ഥാനത്തെ ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന ഒരു ലക്ഷത്തിലധികം കേസുകളിൽ 60,000 കേസുകൾ ഈ വർഷംതന്നെ തീർപ്പാക്കാനുള്ള കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. മലയോര-ആദിവാസി മേഖലയിലെ മുഴുവൻ കൈവശ ഭൂമിക്കും പട്ടയം നൽകാനായി മിഷൻ മോഡൽ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും പുറമ്പോക്കുകളിൽ താമസിക്കുന്ന അർഹരായവർക്ക് പട്ടയം നൽകുന്നതിന് ഫയൽ അദാലത്ത് സംഘടിപ്പിച്ചുവരികയും ചെയ്യുന്നുണ്ട്. ആദിവാസി-ഗോത്രവർഗ്ഗവിഭാഗങ്ങൾക്ക് വിതരണം ചെയ്ത അവകാശ പത്രികയ്ക്ക് പകരം

നിബന്ധനകൾക്ക് വിധേയമായി പട്ടയം അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പട്ടയം അനുവദിച്ച കേസുകളിൽ പട്ടയവും പട്ടയ ഫയലും നഷ്ടപ്പെട്ടാൽ അത് വീണ്ടെടുക്കാനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി ഇ-പട്ടയം എന്ന ആശയത്തിന് രൂപം നൽകുകയും വനഭൂമി പട്ടയവുമായി ബന്ധപ്പെട്ട് അനുമതി വേഗത്തിൽ ലഭ്യമാക്കുന്ന കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തുകയും ചെയ്തിട്ടുണ്ട്.

(2) സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണത്തിലെ ആശങ്കകൾ

ശ്രീ. എൻ. ഷംസുദ്ദീൻ: സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണ ചട്ടക്കൂടിലെ നിർദ്ദേശങ്ങൾ സമൂഹത്തിൽ ആശങ്ക സൃഷ്ടിക്കുന്നതും ധാർമ്മികത തകർക്കുന്നതുമാണ്. ജെൻഡർ ന്യൂട്രൽ യൂണിഫോം, മിക്സഡ് ബെഞ്ച്, മിക്സഡ് ഹോസ്റ്റൽ എന്നിവ ഒഴിവാക്കുകയും ലിംഗസമത്വത്തിനുപകരം അവസരസമത്വം കൊണ്ടുവരികയും വേണം. മദ്രസ പഠനത്തെ ബാധിക്കുമെന്നതിനാൽ പുതിയ സ്കൂൾ വിദ്യാഭ്യാസ നയത്തിലെ സമയമാറ്റം പിൻവലിക്കണം. അറബി, സംസ്കൃതം, ഉറുദു എന്നീ ഭാഷകളെ പുതിയ വിദ്യാഭ്യാസ നയത്തിലുൾപ്പെടുത്തണം. പാഠ്യപദ്ധതി പരിഷ്കരണ ചട്ടക്കൂടിലെ നിർദ്ദേശങ്ങൾ മുഴുവൻ പിൻവലിക്കാൻ സർക്കാർ തയ്യാറാകണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): പുതിയ ദേശീയ വിദ്യാഭ്യാസ നയം പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിലാണ് പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിക്കുന്നത്. സുതാര്യവും ജനാധിപത്യപരവുമായ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ആശങ്കകളും അഭിപ്രായങ്ങളും പങ്കുവയ്ക്കുന്നതിനുള്ള സുതാര്യമായ സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്. ലിംഗപരമായ സവിശേഷതയാൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഒരു കുട്ടിയേയും മാറ്റി നിർത്താൻ പാടില്ലെന്ന ആശയമാണ് മുന്നോട്ടുവച്ചിട്ടുള്ളത്. സ്ത്രീകൾക്ക് നൽകിവരുന്ന സവിശേഷ പരിഗണനയും സംരക്ഷണവും ജെൻഡർ ന്യൂട്രൽ ആശയം വഴി ഇല്ലാതാകുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ല. ഇന്ത്യൻ ഭരണഘടന മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളും മൂല്യങ്ങളും സാർത്ഥകമാക്കുന്ന പാഠ്യപദ്ധതി മാത്രമെ കേരളത്തിൽ വികസിപ്പിക്കുകയുള്ളൂ. ബഹുസ്വരതയെയും വൈവിധ്യങ്ങളെയും വൈജാത്യങ്ങളെയും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ് സർക്കാരിന്റെ നയം. മതപഠനം നഷ്ടപ്പെടുത്തുകയെന്ന ഉദ്ദേശ്യം സർക്കാരിനില്ല. പൊതുയൂണിഫോം, മിക്സഡ്

ബെഞ്ച്, മിക്സഡ് ഹോസ്റ്റൽ  എന്നീ നിർദ്ദേശങ്ങൾ വിദ്യാഭ്യാസ വകുപ്പ് നൽകിയിട്ടില്ല. സ്കൂൾ  പ്രവർത്തന സമയമാറ്റത്തിൽ തീരുമാനമെടുത്തിട്ടില്ല.

## IV. സബ്മിഷൻ

### 1) ഇടുക്കി പട്ടയഭൂമിയിലെ ഭൂവിനിയോഗ പ്രശ്നങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ):  ഭൂപതിവ് ചട്ടം ഭേദഗതി ചെയ്യുമെന്നുള്ള സർക്കാർ പ്രഖ്യാപനം നടപ്പിലാക്കാനും ഇടുക്കി ജില്ലയിൽ പ്രവർത്തിക്കുന്ന 6 ഭൂപതിവ് ഓഫീസുകളിൽ 5 എണ്ണം അടച്ചുപൂട്ടാനുള്ള ഉത്തരവ് പിൻവലിക്കാനും നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ):  മൂന്നാർ മേഖലയിലെ നിർമ്മാണപ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിൽ നിന്നും എൻ.ഒ.സി. നൽകണമെന്ന്  ഹൈക്കോടതി നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടത്തിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ള പട്ടയങ്ങൾ റദ്ദാക്കപ്പെടാതെ ക്രമവൽക്കരിച്ച് നൽകാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതിനായി ചീഫ് സെക്രട്ടറി, അഡ്വക്കേറ്റ് ജനറൽ, നിയമ-റവന്യൂ സെക്രട്ടറിമാർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.  ചട്ടത്തിൽ മാത്രം ഭേദഗതി വരുത്തിയാൽ പോരെന്നും നിയമ ഭേദഗതി വേണ്ടിവരുമെന്നും കേസ്  ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ  നിയമവും ചട്ടവും ഭേദഗതി ചെയ്യുന്നതിന്

കോടതിയുടെ അനുവാദം വാങ്ങണമെന്നും നിയമ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്. അഡ്വ. ജനറലിന്റെയും നിയമ വകുപ്പിന്റെയും അഭിപ്രായം ലഭ്യമായി കഴിഞ്ഞാൽ തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്. സർവ്വകക്ഷിയോഗതീരുമാനത്തിന്റെ അടിസ്ഥാന ത്തിൽ ഈ ചട്ടം ഭേദഗതി ചെയ്യാൻ തന്നെയാണ് സർക്കാർ ലക്ഷ്യമിടുന്നത്. അർഹതപ്പെട്ട എല്ലാ ഭൂപതിവിന്മേലും തീരുമാനമുണ്ടാക്കാതെ ഇടുക്കി ജില്ലയിലെ ലാൻഡ് അസൈൻമെന്റ് കമ്മിറ്റി ഓഫീസുകൾ അടച്ചുപൂട്ടില്ലെന്ന് ഉറപ്പുനൽകുന്നു.

2) <u>ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം</u>

<u>ശ്രീ. സണ്ണി ജോസഫ്</u>: പേരാവൂർ നിയോജകമണ്ഡലത്തിലെ പൂളക്കുറ്റി മേഖലയിലടക്കം ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ചവർക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): നിലവിലെ ദേശീയ ദുരന്ത നിവാരണ പദ്ധതിപ്രകാരം കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലുണ്ടായ ദുരന്തത്തിന്റെ നാശനഷ്ടങ്ങളുടെ തോതനുസരിച്ചുള്ള നഷ്ടപരിഹാരം നൽകാൻ സാധിക്കുന്നില്ല; മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ

ചേർന്ന എം.പി.മാരുടെ യോഗത്തിൽ ഈ പ്രശ്നം ഉന്നയിച്ചിട്ടുണ്ട്. പ്രത്യേക പാക്കേജ് അനുവദിക്കുന്ന കാര്യത്തിൽ മുഖ്യമന്ത്രിയുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

(3) നാട്ടിക-ഫർക്ക കുടിവെള്ള പദ്ധതി

ശ്രീ. സി. മുകുന്ദൻ: നാട്ടിക-ഫർക്ക കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിനും റെസ്റ്റോറേഷൻ പ്രവൃത്തിക്ക് തുക വകയിരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): നാട്ടിക-ഫർക്ക കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി രണ്ട് പാക്കേജുകളിലായി ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ കോടതിയെ സമീപിച്ചതിനാൽ പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കാലതാമസം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(4) എം.വി.ഐ.പി.-പി.വി.ഐ.പി. കനാലുകളുടെ അറ്റകുറ്റപ്പണികൾ

ശ്രീ. അനൂപ് ജേക്കബ്: എം.വി.ഐ.പി.-പി.വി.ഐ.പി. കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി തുക അനുവദിച്ച് ജലസേചന സൗകര്യം മെച്ചപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പെരിയാർ -മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിക്കായുള്ള കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി അനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കനാലുകളുടെ കാലപ്പഴക്കംമൂലം ടെയിൽ എൻഡ് വരെ വെള്ളമെത്തിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ടി പ്രവൃത്തികൾക്കാവശ്യമായ തുക ബഡ്ജറ്റ് / പ്ലാൻ ഫണ്ട് മുഖാന്തരം മാത്രം കണ്ടെത്താൻ സാധിക്കാത്തതിനാൽ എം.എൽ.എ. ഫണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുമുപയോഗിച്ച് കനാൽ ബണ്ട് റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിരാക്ഷേപപത്രം നൽകുന്ന സ്ഥിതിയാണുള്ളത്.

(5) <u>ജലനിർഗ്ഗമനം സുഗമമാക്കൽ</u>

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: പാലക്കാട് ജില്ലയിലെ നെല്ലുല്പാദന മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനും കനാലുകൾ വൃത്തിയാക്കാനുള്ള ഫണ്ട് അടിയന്തരമായി അനുവദിക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): തൊഴിലുറപ്പുപദ്ധതി മുഖാന്തരമാണ് മുൻകാലങ്ങളിൽ കനാലുകൾ വൃത്തിയാക്കിയിരുന്നത്. എന്നാൽ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ പ്രസ്തുത പദ്ധതി മുഖാന്തരം നടപ്പിലാക്കാൻ കഴിയില്ലെന്ന് മിഷൻ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കനാൽ വൃത്തിയാക്കാനാവശ്യമായ തുക മൈനർ/മേജർ ഇറിഗേഷൻ വഴി നൽകാൻ സാധിക്കാത്തതിനാൽ ഇതിനായി പ്രത്യേക ഹെഡ്ഡ് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇത്തരം കാര്യങ്ങളിൽ പ്രൊപ്പോസൽ തയ്യാറാക്കാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(6) <u>കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി</u>

<u>ശ്രീ. തോമസ് കെ. തോമസ്</u>: കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. റോഷി അഗസ്റ്റിൻ):</u> കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുകയും ഭൂപ്രശ്നം

പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. നടപടിക്രമങ്ങളിലെ കാലതാമസംമൂലം പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 387.91 കോടി രൂപയായി വർദ്ധിപ്പിച്ചു. പുതുക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിന്റെ പരിഗണനയിലാണ്. ഭരണാനുമതി ലഭിക്കുന്നതിന്റെയടിസ്ഥാനത്തിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(7) ഗിഫ്റ്റ് സിറ്റിക്ക് ഭൂമി വിട്ടുനൽകിയ ഭൂവുടമകളുടെ പ്രശ്നങ്ങൾ

ശ്രീ. റോജി എം. ജോൺ: എറണാകുളം ജില്ലയിലെ അയ്യമ്പുഴ വില്ലേജിൽ ഗിഫ്റ്റ് സിറ്റി പദ്ധതിയുടെ ഭാഗമായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി അടിയന്തരമായി പൂർത്തിയാക്കാനും ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടുള്ള കേസുകൾ പിൻവലിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഗിഫ്റ്റ് സിറ്റി പദ്ധതി കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഒന്നാംഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി ഏറ്റെടുക്കാൻ തീരുമാനിച്ചിരുന്ന ഭൂമി പ്രദേശവാസികളുടെ എതിർപ്പിനെത്തുടർന്ന് കുറയ്ക്കുകയും കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന

മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതുമാണ്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടുള്ള കേസ്സുകൾ ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്.

(8) പൊൻപാറക്കുന്ന് ലൈഫ് ഭവനസമുച്ചയം

ശ്രീ. പി. ടി. എ. റഹിം: മാവൂർ പഞ്ചായത്തിലെ പൊൻപാറക്കുന്നിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് ലൈഫ് ഭവനസമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): മാവൂർ പഞ്ചായത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ലൈഫ് ഭവനസമുച്ചയ നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് പ്രധാനവീഥിയോട് ചേർന്നുള്ള സ്ഥലം അനുവദിക്കുന്നതിന് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. നിലവിൽ നിർമ്മാണം ആരംഭിച്ച പദ്ധതികളുടെ പൂർത്തീകരണത്തിനാണ് സർക്കാർ മുൻഗണന നൽകുന്നത്. പൊതുമരാമത്ത് വകുപ്പ് പുതിയ സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ അവിടെ ഭവനസമുച്ചയം നിർമ്മിക്കുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിക്കും.

## (9) ബേപ്പൂർ പോർട്ടിന്റെ പ്രവർത്തനം

ശ്രീ. ടി. പി. രാമകൃഷ്ണൻ: ബേപ്പൂർ പോർട്ടിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഡ്രെഡ്ജിംഗ് നടത്തുന്നതിനുമാവശ്യമായ ഫണ്ട് അനുവദിക്കാനും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ച് തൊഴിലാളികളുടെ ജോലി സംരക്ഷിക്കാനും നടപടി സ്വീകരിക്കണം.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): ബേപ്പൂർ തുറമുഖം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിച്ചുവരികയാണ്. തുറമുഖത്തിന്റെ ആഴം പത്ത് മീറ്ററായി വർദ്ധിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. തുറമുഖ വികസനത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്; ഇതിൽ 11.8 കോടി രൂപ ചെലവഴിച്ച് ആദ്യഘട്ടത്തിൽ 5.5 മീറ്റർ ആഴം ലഭിക്കുന്ന തരത്തിൽ മെയിന്റനൻസ് ഡ്രെഡ്ജിംഗ് നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മെയിന്റനൻസ് ഡ്രെഡ്ജിംഗ് പൂർത്തിയായാൽ കിറ്റ്കോ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി ക്യാപിറ്റൽ ഡ്രെഡ്ജിംഗ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(10) മുല്ലത്തറ, മന്ദലാംകുന്ന് എന്നിവിടങ്ങളിലെ അടിപ്പാത നിർമ്മാണം

ശ്രീ. എൻ. കെ. അക്ബർ: ചാവക്കാട് മുല്ലത്തറ, മന്ദലാംകുന്ന് ജംഗ്ഷനുകളിൽ അടിപ്പാത നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ദേശീയപാത-66 വികസനത്തിന്റെ ഭാഗമായി മുല്ലത്തറ ജംഗ്ഷനിൽ വെഹിക്കുലർ അണ്ടർ പാസ് നിർമ്മിക്കുമെന്ന് എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുണ്ട്. മന്ദലാംകുന്ന് ജംഗ്ഷനിൽ വെഹിക്കുലർ അണ്ടർ പാസ് നിർമ്മിക്കുന്നതിന്റെ സാദ്ധ്യത സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികമായ പ്രയോഗികതകൂടി കണക്കിലെടുത്ത് പരിഗണിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

(11) കൊണ്ടോട്ടി-മേലങ്ങാടി എയർപോർട്ട് റോഡ് നവീകരണം

ശ്രീ. ടി. വി. ഇബ്രാഹിം: കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള രാമനാട്ടുകര റോഡും കൊണ്ടോട്ടി-മേലങ്ങാടി എയർപോർട്ട് റോഡും നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കോഴിക്കോട് രാമനാട്ടുകര എയർപോർട്ട് റോഡിന്റെ കരട് അലൈൻമെന്റും രൂപരേഖയും തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി 33,70,000 രൂപ അനുവദിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് കരട് അലൈൻമെന്റ് രൂപകല്പന ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഫീസിബിലിറ്റി റിപ്പോർട്ടിനുവേണ്ടി ദേശീയപാതാ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. കുളത്തൂർ ജംഗ്ഷൻ മുതൽ കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളം വരെയുള്ള പാത ജനകീയ പങ്കാളിത്തത്തോടുകൂടി സൗന്ദര്യവൽക്കരിക്കാനും ആലോചിക്കുന്നുണ്ട്.

(12) കല്യാശ്ശേരി - എടാട്ട് ജംഗ്ഷനുകളിലെ അണ്ടർപാസേജ് നിർമ്മാണം

ശ്രീ. എം. വിജിൻ: കല്യാശ്ശേരി - എടാട്ട് ജംഗ്ഷനുകളിൽ അണ്ടർപാസേജ് നിർമ്മിക്കുന്നതിനും പിലാത്തറയിൽ ഫ്ലൈഓവർ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കല്യാശ്ശേരി - എടാട്ട് ജംഗ്ഷനുകളിൽ ലൈറ്റ് വെഹിക്കുലർ അണ്ടർപാസേജ് നിർമ്മിക്കുന്നതിന് ചെയ്ഞ്ച് ഓഫ് സ്കോപ്പിൽ ഉൾപ്പെടുത്തി അനുമതി തേടിയിട്ടുണ്ടെന്നും പ്രവൃത്തി

പുരോഗമിച്ചുവരുന്ന സാഹചര്യത്തിൽ ടോൾ പ്ലാസ മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് ഫീസിബിലിറ്റി പ്രശ്നമുണ്ടെന്നും ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(13) അംബേദ്കർ കോളനി എ.സി. റോഡ് പുനരുദ്ധാരണം

ശ്രീ. ജോബ് മൈക്കിൾ: കോമങ്കരിച്ചിറ-അംബേദ്കർ കോളനി - എ.സി. റോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പ്രസ്തുത പ്രവൃത്തി കരാറുകാരുടെ അനാസ്ഥമൂലം മുടങ്ങിയതിന്റെ അടിസ്ഥാനത്തിൽ റിസ്ക് ആന്റ് കോസ്റ്റിൽ കരാറുകാരെ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. 3.8 കിലോമീറ്റർ വരുന്ന മുഴുവൻ ഭാഗത്തും പ്രവൃത്തി നടത്തേണ്ട അവസ്ഥയുള്ളതിനാൽ കൂടുതൽ തുക അനുവദിക്കുന്ന കാര്യം ധനകാര്യ വകുപ്പുമായി ചർച്ച ചെയ്യുന്നതാണ്.

(14) കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ പ്രവർത്തനം

ശ്രീമതി കാനത്തിൽ ജമീല: കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ പ്രവർത്തനത്തിനാവശ്യമായ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഒരു കോടി തൊണ്ണൂറ്റിയെട്ട് ലക്ഷം രൂപ ചെലവഴിച്ച് ലേബർ റൂം, പീഡിയാട്രിക് ഐ.സി.യു. എന്നിവ സജ്ജമാക്കിയിട്ടുണ്ട്. നിലവിൽ ഗൈനക്കോളജി, ശിശുരോഗ വിഭാഗങ്ങളിൽ ഓരോ കൺസൾട്ടന്റിന്റെയും ഓരോ ജൂനിയർ കൺസൾട്ടന്റിന്റെയും ഓപ്പറേഷൻ തിയേറ്ററിൽ ഒരു ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)-ന്റെയും സേവനം ലഭ്യമാണ്. എൻ.എച്ച്.എം. മുഖേന നിയമിക്കപ്പെട്ട രണ്ട് ഡോക്ടർമാർ പിരിഞ്ഞുപോയ സാഹചര്യത്തിൽ പുതിയ ഡോക്ടർമാരെ നിയമിക്കുന്നതിനും ആവശ്യമെങ്കിൽ കരാർ അടിസ്ഥാനത്തിൽ എൻ.എച്ച്.എം. മുഖേന കൂടുതൽ ഡോക്ടർമാരെ നിയോഗിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് മറ്റ് തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (15) കേരളത്തിലെ കായികരംഗം

ശ്രീ. ലിന്റോ ജോസഫ്: ദേശീയ അന്തർദേശീയ തലങ്ങളിൽ കേരളത്തിൽ നിന്നുള്ള മികച്ച കായികതാരങ്ങളെ സൃഷ്ടിക്കുന്നതിന് ഒരു കർമ്മ പദ്ധതി തയ്യാറാക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): കായികരംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിന് പതിനാല് ജില്ലാ സ്റ്റേഡിയങ്ങൾ, സിന്തറ്റിക് ട്രാക്ക്, ഫുട്ബോൾ ടർഫ്, ഇൻഡോർ കോർട്ടുകൾ എന്നിവ അടങ്ങുന്ന 44 സ്റ്റേഡിയങ്ങളിൽ 1100 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കിവരുന്നു; ഇതിൽ 12 എണ്ണത്തിന്റെ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. പുതിയ കായികസംസ്കാരം വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ കായികക്ഷമതാ മിഷൻ എന്ന മഹത്തായ ദൗത്യം ആരംഭിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി സ്പോർട്സിന്റെ ഭാഗമായി കളിക്കളം പദ്ധതി ആരംഭിക്കുന്നതിന്റെ ആദ്യഘട്ടമായി 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കളിക്കളങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ജി.വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ, കുന്നംകുളം സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ കായികരംഗത്ത് മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു. കായികവകുപ്പിനുകീഴിലുള്ള ഷൂട്ടിംഗ് അക്കാഡമിയിൽ 150 പേർക്ക് പരിശീലനം നൽകിവരുന്നതോടൊപ്പം ആയോധനകലകൾ, തദ്ദേശീയ കായിക ഇനങ്ങൾ തുടങ്ങിയവയ്ക്കും പ്രോത്സാഹനം നൽകിവരുന്നു.

കണ്ണൂരിലെ മട്ടന്നൂരിൽ അന്താരാഷ്ട്ര യോഗ അക്കാഡമി സ്ഥാപിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടി പുരോഗമിച്ചുവരികയാണ്. കാലിക്കറ്റ് സർവ്വകലാശാലയുമായി ചേർന്ന് സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് റിസർച്ച് സെന്റർ ആരംഭിക്കാൻ നാല് കോടി രൂപ അനുവദിച്ചിട്ടുണ്ട്. കായിക മേഖലയുടെ വികസനത്തിനായി കേരള സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നതോടൊപ്പം 'എല്ലാവർക്കും സ്പോർട്സ് ' എന്ന ലക്ഷ്യത്തോടെ പുതിയ കായികനയവും രൂപീകരിച്ചിട്ടുണ്ട്.

(16) വഖഫ് ഭൂമി കയ്യേറ്റം

ശ്രീ. കെ. പി. എ. മജീദ്: എറണാകുളം ജില്ലയിലെ കുഴിപ്പിള്ളി, പള്ളിപ്പുറം വില്ലേജുകളിലെ വഖഫ് ഭൂമി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): കുഴിപ്പിള്ളി, പള്ളിപ്പുറം വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന 404.76 ഏക്കറോളം വഖഫ് ഭൂമി അന്യാധീനപ്പെട്ടത് തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കയ്യേറ്റം പ്രഥമദൃഷ്ട്യാ തെളിയുന്നപക്ഷം ഭൂമി തിരിച്ചുപിടിക്കുന്നതിന് ജില്ലാ കളക്ടർക്ക്

നിർദ്ദേശം നൽകുന്നതാണ്. റവന്യൂ വകുപ്പുമന്ത്രി ഉൾപ്പെടുന്ന പ്രത്യേക മന്ത്രിതല മോണിറ്ററിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. വഖഫ് ഭൂമി അന്യാധീനപ്പെടാതിരിക്കാൻ സർക്കാർ ജാഗ്രത പുലർത്തുന്നുണ്ട്.

## V. റിപ്പോർട്ട് സമർപ്പണം

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ അനർട്ട്, എനർജി മാനേജ്മെന്റ് സെന്റർ എന്നിവയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച അവലോകനം, വൈദ്യുതി മേഖലയിലെ അപകടങ്ങൾ തടയുവാനുള്ള മുൻകരുതലുകൾ എന്നിവ സംബന്ധിച്ച പ്രത്യേക സമിതി റിപ്പോർട്ട് സമർപ്പിച്ചു.

## VI. നിയമനിർമ്മാണകാര്യം

**1.** 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. വി. എൻ. വാസവൻ: 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര നവീകരണം ലക്ഷ്യമിട്ടാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. സഹകരണമേഖലയുടെ വളർച്ചയുടെയും പ്രവർത്തന വൈവിധ്യത്തിന്റെയും അടിസ്ഥാനത്തിൽ സഹകരണ നിയമത്തിലും ചട്ടത്തിലും ഭേദഗതി ആവശ്യമാണ്. സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനിൽ സുതാര്യത, സബ്സിഡിയറി സ്ഥാപനങ്ങളുടെ രൂപീകരണത്തിൽ നിയന്ത്രണം, അംഗങ്ങളുടെ അവകാശങ്ങളും ബാദ്ധ്യതകളും സംബന്ധിച്ച വ്യക്തത, ഗഹാൻ സമ്പ്രദായത്തിലെ അവ്യക്തത ഒഴിവാക്കൽ, അറ്റാദായം വിനിയോഗിക്കുന്നതിനുള്ള വ്യവസ്ഥകൾ, ഓഡിറ്റ് പുന:സംഘടന, നഷ്ടോത്തരവാദികൾക്കെതിരെ നടപടി ശക്തിപ്പെടുത്തൽ, ആർബിട്രേഷൻ കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കൽ, സഹകരണ

ഓംബുഡ്സ്മാന്റെ വിധിന്യായം നടപ്പാക്കുന്നതിൽ വ്യക്തത, അപ്പക്സ് ബോഡികളിലെ നിയമനം, ഭിന്നശേഷിക്കാർക്ക് സംവരണം, സഹകരണ വകുപ്പ് ജീവനക്കാരുടെ പെൻഷൻ സഹകരണ പെൻഷൻ ബോർഡുവഴിയാക്കുക തുടങ്ങിയ വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ ലിക്വിഡേഷൻ പ്രോസസ് സമയബന്ധിതമായി നടപ്പാക്കാനുള്ള നിർദ്ദേശങ്ങളുൾപ്പെടെ സഹകരണമേഖലയിലെ പോരായ്മകൾ പരിഹരിക്കാനാവശ്യമായ സമഗ്രമായ ഭേദഗതി നിർദ്ദേശങ്ങളാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ദേശസാൽകൃത ബാങ്കുകളിൽ ലഭിക്കുന്ന എല്ലാ ആധുനിക സേവനങ്ങളും കേരള ബാങ്കിലും ഉറപ്പാക്കുന്നതാണ്. കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാനവിവരങ്ങളും ഓഡിറ്റ് വിവരങ്ങളും അറിയുന്നതിനായി കോ-ഓപ്പറേറ്റീവ് ആഡിറ്റ് മോണിറ്ററിംഗ് ആൻഡ് ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രാഥമിക സംഘങ്ങളിൽ ഐ.ടി. ഇന്റഗ്രേഷനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. സമഗ്രമായ നിയമഭേദഗതിയിലൂടെ സഹകരണമേഖലയെ കൂടുതൽ ശക്തിപ്പെടുത്തുകയാണ് ഈ ബില്ലിലൂടെ ലക്ഷ്യമിടുന്നത്.

ശ്രീ. ജി. സ്റ്റീഫൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. നന്ദകുമാർ: 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ സഹകരണ പ്രസ്ഥാനം ലോകത്തിന് മാതൃകയാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഏഷ്യയിലെ ഏറ്റവും വലിയ സഹകരണ സംഘങ്ങളിൽ കേരള ബാങ്കിന് ഒന്നാം സ്ഥാനമാണുള്ളത്. എല്ലാ സംഘങ്ങളുടെയും ശാക്തീകരണമാണ് ഈ ബില്ലിലൂടെ ലക്ഷ്യമിടുന്നത്. നിക്ഷേപകരുടെ വിശ്വാസം സംരക്ഷിക്കുക എന്നതാണ് ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്. സഹകരണ മേഖലയിലെ ഓഡിറ്റ് ശക്തിപ്പെടുത്താൻ പൊതുവായുള്ള സോഫ്റ്റ്‌വെയർ രൂപപ്പെടുത്തേണ്ടതുണ്ട്. സഹകരണ സംഘങ്ങളിൽ ഒരേ ടീം തന്നെ ഓഡിറ്റ് നടത്തുന്നതും ഒരേ ഭരണസമിതിതന്നെ രണ്ട് ടേമിൽക്കൂടുതൽ തുടരുന്നതും ഗുണകരമല്ല. സഹകരണ പ്രസ്ഥാനത്തെ തകർക്കുന്ന രൂപത്തിലുള്ള കേന്ദ്ര ഗവൺമെന്റ് നടപടികൾ സർക്കാർ ഗൗരവമായി കാണണം. നെൽകർഷകർക്ക് പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികൾ പലിശരഹിത വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. രമേശ് ചെന്നിത്തല ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. സണ്ണി ജോസഫ്: 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജനജീവിതത്തിന്റെ സമസ്തമേഖലകളിലും സഹകരണ മേഖലയ്ക്ക് കടന്നുചെല്ലാനായിട്ടുണ്ട്. കേരളത്തിൽ സഹകരണ സംഘങ്ങളുടെ കീഴിൽ മെഡിക്കൽ കോളേജുകളും മാർക്കറ്റിംഗ് സംഘങ്ങളും മറ്റും ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. ശരിയായ നിയന്ത്രണവും വൈവിദ്ധ്യവൽക്കരണവും സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമാണ്. കാലാനുസൃതമായി സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ മാറ്റം വരുത്താൻ നിയമഭേദഗതി ആവശ്യമാണ്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഭേദഗതികളാണ് ഇതിനോടകം ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. കേരളാ ബാങ്ക് നിലവിൽ വന്നെങ്കിലും അവയുടെ നയപരമായ തീരുമാനങ്ങളെടുക്കുന്നത് റിട്ടയേർഡ് ആർ.ബി.ഐ. ഉദ്യോഗസ്ഥരടങ്ങുന്ന മാനേജിംഗ് കമ്മിറ്റിയാണെന്ന കാര്യത്തിൽ അതൃപ്തിയുണ്ട്. ഭരണസമിതി അംഗങ്ങളുടെ ടേമിൽ പരിധി നിശ്ചയിക്കുന്ന ഭേദഗതി സ്വീകാര്യമാണെങ്കിലും മൂന്ന് ടേം ആക്കി മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കണം. ഡെപ്പോസിറ്റ് ഗ്യാരണ്ടി സ്കീമിൽ നിക്ഷേപത്തുകയുടെ

പകുതിയെങ്കിലും മടക്കിക്കൊടുക്കുന്നതിന് ആക്ടിൽ വ്യവസ്ഥ വയ്ക്കണം. സംഘങ്ങളെ പിരിച്ചുവിടുന്നതിന് നിശ്ചിത കാലാവധിയോടെയുള്ള നോട്ടീസ് നിർബന്ധമാക്കുന്നതിനും സഹകരണ തത്വങ്ങളിൽ പ്രധാനമായ സഹകരണ ജനാധിപത്യം സംരക്ഷിക്കുന്നതിനും നിയമത്തിൽ വ്യവസ്ഥയുണ്ടാകണം.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): ഭരണ-പ്രതിപക്ഷ ആവശ്യപ്രകാരം നിക്ഷേപ ഗാരണ്ടി സ്കീം രൂപീകരിക്കുന്നതിന് ബൈലായിൽ ഭേദഗതി വരുത്തുന്നതിനും വയബിളായ പ്രോജക്ടുകളുമായി വരുന്ന സഹകരണ സംഘങ്ങൾ പിന്നാക്കം പോകുന്നുവെങ്കിൽ അവയെ സഹായിക്കുന്നതിനുമായി സഹകരണ സംരക്ഷണ നിധി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് സാധാരണഗതിയിൽ പ്രവർത്തനമാരംഭിക്കുകയും ക്രമക്കേടിന് ഉത്തരവാദികളായവരെ സസ്പെന്റ് ചെയ്യുകയും ഭരണസമിതി പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല അന്വേഷണം നടത്തി കേസ് രജിസ്റ്റർ ചെയ്യുകയും ഉത്തരവാദികളായവരിൽനിന്ന് 54 കോടി രൂപ ഈടാക്കാൻ വിജിലൻസ് കോടതി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. സഹകരണ മേഖലയിൽ ക്രമക്കേട് നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. 2022-ലെ

കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബില്ലിന്റെ പരിഗണനയ്ക്കായി രൂപീകരിക്കുന്ന സെലക്ട് കമ്മിറ്റിയിൽ 15 അംഗങ്ങളടങ്ങുന്ന ലിസ്റ്റ് സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2022-ലെ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(2) <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തുപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:</u>

(i) <u>2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ</u>

(ii) <u>2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ</u>

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തുപ്രകാരമുള്ള 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ, 2021-ലെ

കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കുള്ള പിഴശിക്ഷ 5 ലക്ഷം രൂപയായും ലംഘനം തുടരുന്ന സാഹചര്യത്തിൽ അപ്രകാരം തുടരുന്ന ഓരോ ദിവസത്തിനും 50,000 രൂപയായും ഉയർത്തുന്ന ഭേദഗതിയിലൂടെ അനധികൃത മണൽ വാരൽ നിയന്ത്രിക്കാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കണം. നിയമലംഘനത്തിനുള്ള പിഴശിക്ഷ ഉയർത്തുന്നതിനോടൊപ്പം അനധികൃത മണൽ കടത്ത് തടയുവാൻ ടി നിയമം കാര്യക്ഷമമായി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കണം. ആവശ്യക്കാർക്ക് മണൽ ലഭ്യമാക്കാൻ സർക്കാർ ഇടപെടണം. സാൻഡ് ഓഡിറ്റ് നടത്താനും റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിനും സർക്കാരിന്റെ മേൽനോട്ടത്തിൽ മണൽ സംഭരിച്ച് നിർമ്മാണ മേഖലകൾക്ക് നൽകാനും മണലിന്റെ ലഭ്യത ഉറപ്പുവരുത്താനും

നടപടി സ്വീകരിക്കണം. കണ്ടുകെട്ടിയ മണലിന്റെ മതിപ്പുവില നിശ്ചയിക്കുന്നതിനും വിൽപ്പന നടത്തുന്നതിനുമുള്ള അധികാരം ജില്ലാ കളക്ടറെ ഏൽപ്പിക്കാനുള്ള തീരുമാനത്തിൽ മാറ്റം വരുത്തണം. അനധികൃതമായി മണൽ കടത്താനുപയോഗിക്കുന്ന തോണികൾ പിടിച്ചെടുത്ത് അതത് സ്ഥലത്ത് നശിപ്പിക്കുന്നത് നിയമാനുസൃതമാണോയെന്ന് പരിശോധിക്കണം.

ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. നജീബ് കാന്തപുരം: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കുള്ള പിഴശിക്ഷ അഞ്ച് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചത് സ്വാഗതാർഹമാണ്. കണ്ടുകെട്ടിയ മണലിന്റെ മതിപ്പുവില നിശ്ചയിക്കുന്നതിനും വിൽപ്പന നടത്തുന്നതിനുമുള്ള അധികാരം ജില്ലാ കളക്ടർക്കുപകരം വില്ലേജ് ഓഫീസർമാരെ ഏൽപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. ഓരോ നിയോജകമണ്ഡലത്തിലും ഒരു നദിയെങ്കിലും സംരക്ഷിക്കുന്നതിനുള്ള ചുമതല

അതത് എം.എൽ.എ.-മാർക്ക് നൽകാനും അതിനായി പ്രത്യേക ഫണ്ട് അനുവദിക്കാനുമുള്ള നിർദ്ദേശം നൽകണം. അനധികൃത മണൽ വാരലിന് ചുമത്തുന്ന പിഴത്തുക നദീ സംരക്ഷണത്തിനുള്ള **ബ്ലഡ് മണി**യായി നൽകാനും സാൻഡ് ഓഡിറ്റ് നടത്താനും നടപടിയുണ്ടാകണം.

ശ്രീ. കെ. വി. സുമേഷ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. മമ്മിക്കുട്ടി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അനധികൃത മണൽ വാരൽ അവസാനിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കുള്ള പിഴ ശിക്ഷ അഞ്ച് ലക്ഷം രൂപയായും ലംഘനം തുടരുന്ന ഓരോ ദിവസത്തിനുമുള്ള പിഴ അമ്പതിനായിരം രൂപയായും ഉയർത്താനുള്ള തീരുമാനം സ്വാഗതാർഹമാണ്. കണ്ടുകെട്ടിയ മണൽ ജില്ലാകളക്ടർക്ക് മതിപ്പുവില നിശ്ചയിച്ചും നടപടിക്രമങ്ങൾ പാലിച്ചും സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ലേലത്തിലൂടെ വിൽപ്പന നടത്താമെന്ന ഭേദഗതിയെ അനുകൂലിക്കുന്നു. പുഴയിലെ മാലിന്യങ്ങൾ കൃത്യമായി നീക്കം ചെയ്തും സമഗ്ര സർവ്വേയിലൂടെ നദീതീരങ്ങൾ അളന്ന് തിട്ടപ്പെടുത്തിയും പുഴകളെ സംരക്ഷിക്കണം.

നിയമത്തിലെ പഴുതുകളുപയോഗിച്ച് പുഴയെ നശിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

ശ്രീ. ജി. എസ്. ജയലാൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഇ. കെ. വിജയൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 7 ഇ വകുപ്പിന് കീഴിൽ കുടിയാനായി കരുതണമെന്ന അവകാശവാദം ഉന്നയിക്കുന്ന ഒരാൾക്ക് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട ലാന്റ് ട്രൈബ്യൂണലിന്റെ 106 ബി വകുപ്പ് പ്രകാരമുള്ള ഉത്തരവിനെതിരെ അപ്പീൽ വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. നിയമത്തിലെ പഴുതുകളുപയോഗിച്ച് കമ്പനികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുക്കാനാവശ്യമായ നിയമനിർമ്മാണം നടത്തണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 54,535 പേർക്ക് പട്ടയം നൽകുകയും ഡിജിറ്റൽ സർവ്വേ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. യുണീക് തണ്ടപ്പേർ സംവിധാനം നടപ്പാക്കുന്നതും റവന്യൂ കോൾ സെന്ററും വില്ലേജുതല ജനകീയ സമിതികളും രൂപീകരിച്ചതും എടുത്തുപറയത്തക്കതാണ്. ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ

അതിവേഗം തീർപ്പാക്കുന്നതും 1244 തസ്തികകൾ സ്ഥിരം തസ്തികകളാക്കി മാറ്റിയതും സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആരംഭിച്ചതും ഈ വർഷം 80 വില്ലേജ് ഓഫീസുകൾകൂടി സ്മാർട്ടാക്കുമെന്ന് പ്രഖ്യാപിച്ചതും സ്വാഗതാർഹമാണ്. അടിയന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വില്ലേജ് ഓഫീസർമാർക്ക് 25,000 രൂപ വരെ ചെലവഴിക്കുന്നതിനുള്ള അധികാരം നൽകുകയും റവന്യൂ അവാർഡ് പ്രഖ്യാപിച്ച് ഈ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരെയും പ്രോത്സാഹിപ്പിക്കുന്ന നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പട്ടയവിതരണത്തിലെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ഓരോ വില്ലേജിലെയും ഭൂരഹിതരുടെ എണ്ണം, ഭൂമിയുടെ ലഭ്യത എന്നിവ കണ്ടെത്തി രേഖപ്പെടുത്തുന്നതിനും എം.എൽ.എ.-മാർ ഉന്നയിക്കുന്ന പരാതികളും ആവശ്യങ്ങളും സമയബന്ധിതമായി പരിഹരിക്കുന്നതിനുമായി ആവിഷ്കരിച്ച ഡാഷ് ബോർഡ് സംവിധാനം ശ്രദ്ധേയമാണ്. ഭൂനികുതി ഒടുക്കാനും പിൻതുടർച്ചാ സർട്ടിഫിക്കറ്റിനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയതും എല്ലാ സേവനങ്ങളും വിരൽത്തുമ്പിൽ ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി വില്ലേജ് ഓഫീസുകൾ നൽകുന്ന സേവനങ്ങൾ ഉൾക്കൊള്ളിച്ച് വെബ്സൈറ്റ് രൂപകൽപ്പന ചെയ്തതും ജനങ്ങൾക്ക് സഹായകരമാണ്. ഉരുൾപൊട്ടൽ

സാധ്യതയുള്ള സ്ഥലങ്ങളിൽ താമസിക്കുന്ന ആദിവാസികളെ മാറ്റിപാർപ്പിക്കുന്നതിനുള്ള സംവിധാനമൊരുക്കണം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. ഉബൈദുള്ള): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ബില്ലിലെ വ്യവസ്ഥകളോട് യോജിക്കുന്നുവെങ്കിലും പാട്ടക്കാലാവധി പൂർത്തിയാക്കുകയോ പാട്ടക്കരാർ ലംഘനം നടത്തുകയോ ചെയ്ത വൻകിട എസ്റ്റേറ്റുകളിൽനിന്നും ഭൂമിയേറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കാത്ത നിലപാടിനോട് വിയോജിക്കുന്നു. ഭൂപരിഷ്കരണ നിയമത്തിലൂടെ ഭൂരഹിതരുടെ എണ്ണം കുറയ്ക്കാൻ സാധിച്ചെങ്കിലും ഭൂരഹിതരില്ലാതാക്കാൻ സാധിച്ചിട്ടില്ല. കേരളത്തിലെ ജനങ്ങളിൽ 10% പേർ ഭൂരഹിതരാണ്. പ്രളയത്തിൽ തകർന്നതും അപകട ഭീഷണി നേരിടുന്നതുമായ കുടുംബങ്ങളുടെ പുനരധിവാസം ഉറപ്പാക്കാനും ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കുവേണ്ടി മലപ്പുറം ജില്ലയിൽ കണ്ടെത്തിയ പ്ലോട്ടുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് പട്ടയം നൽകാനും ഭൂരഹിതരുടെ കൃത്യമായ കണക്ക് ശേഖരിക്കാനും ലഭിക്കുന്ന അപേക്ഷകളിൽ യഥാസമയം

തീർപ്പ് കൽപ്പിക്കാനും നടപടി സ്വീകരിക്കണം. ജനസംഖ്യാനുപാതികമായും ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിലും വില്ലേജുകൾ വിഭജിക്കാനും മലപ്പുറം ജില്ലാ ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കാനും വകുപ്പിൽ കാലോചിതമായ മാറ്റം വരുത്താനും നടപടിയെടുക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഓഡിറ്റിംഗില്ലാതെ സാൻഡ് മൈനിംഗ് സാധ്യമല്ലെന്നതാണ് ഗവൺമെന്റ് നയം. 32 നദികളുടെ സാൻഡ് ഓഡിറ്റിംഗ് ഇതിനകം അംഗീകരിച്ചിട്ടുണ്ട്. മണൽ നിക്ഷേപമുള്ള 14 നദികളിൽ സാൻഡ് മൈനിംഗിന്റെ ഭാഗമായുള്ള ഡി.എസ്.ആർ. തയ്യാറാക്കി അതിലൂടെ ലഭിക്കുന്ന മണൽ വിതരണം ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം ഉറപ്പുവരുത്തുന്ന ആക്റ്റാണിത്. മണൽ കടത്തുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ നടപടിക്രമം പൂർത്തിയാക്കി തിരിച്ചെടുക്കാൻ ഉടമസ്ഥർ തയ്യാറായില്ലെങ്കിൽ വാഹനങ്ങൾ സർക്കാരിലേയ്ക്ക് കണ്ടുകെട്ടാനുള്ള നടപടി വേഗത്തിലാക്കുന്നതാണ്. അനധികൃതമായി മണൽ കടത്തിയ വാഹനങ്ങളിൽനിന്നും ഈടാക്കിയ പിഴയുൾപ്പെടെ 2.94 കോടി രൂപ റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് വന്നിട്ടുണ്ട്. റവന്യൂ വകുപ്പുമന്ത്രി ചെയർമാനായ ഹൈലെവൽ കമ്മിറ്റിയും കളക്ടർമാരുടെ കീഴിലുള്ള ജില്ലാതല എക്സ്പെർട്ട്

കമ്മിറ്റിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലെ കടവ് കമ്മിറ്റികളും ചേർന്ന് നദികളെയും പുഴകളെയും നീരുറവകളെയും സംരക്ഷിക്കാൻ കഴിയുന്ന വിധത്തിൽ ശ്രദ്ധേയമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

നാലുവർഷത്തിനുള്ളിൽ സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കാൻ കഴിയുന്ന വിധത്തിലുള്ള ആധുനിക സാങ്കേതികവിദ്യയുമായി മുന്നോട്ടുപോകുകയാണ്. കേരളത്തിന്റെ ഭൂവിഭവങ്ങളും ഭൂപ്രകൃതിയും അളന്ന് തിട്ടപ്പെടുത്താൻ 'എന്റെ ഭൂമി' എന്ന പോർട്ടലിന് രൂപം നൽകിയിട്ടുണ്ട്. ലാന്റ് ട്രൈബ്യൂണലിന്റെ 106(ബി) പ്രകാരമുള്ള ഉത്തരവുകൾക്കെതിരായി അപ്പീൽ വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഓരോ മണ്ഡലത്തിലെയും പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ കൂടുന്ന യോഗങ്ങൾക്ക് ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത നോഡൽ ഓഫീസറെ നിയമിച്ചുകൊണ്ട് പട്ടയ ഡാഷ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ലാന്റ് ബോർഡുകളെ നാല് സോണുകളായി തിരിക്കുകയും പുതിയ താലൂക്ക് ലാന്റ് ബോർഡ് ചെയർമാന്മാരെ നിയമിക്കുകയും കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

രാജമാണിക്യം കമ്മിറ്റി ശിപാർശ ചെയ്ത 68 കേസ്സുകളിൽ 8 കേസ്സുകൾ കോടതിയുടെ പരിഗണനയിലാണ്. രാജമാണിക്യം റിപ്പോർട്ടിന്റെ ഭാഗമായി ഹാരിസൺ ഉൾപ്പെടെയുള്ള 68 തോട്ടങ്ങളിൽ നിയമനടപടികൾ നിലനിൽക്കുന്ന സാഹചര്യത്തിൽ നിയമനിർമ്മാണം നടത്തി ഭൂമി പിടിച്ചെടുത്ത് സാധാരണക്കാർക്ക് കൊടുക്കുന്നതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

## (i) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ

### രണ്ടാം വകുപ്പ്

171, 175 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

184, 195, 199, 206, 214, 216 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

112-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

128. In the enacting formula, for the words and symbol "Seventy-second" the words and symbol "Seventy-third" shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(iii) 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(iv) 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ഏകീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്ത് പുതിയ ക്ഷേമനിധി രൂപീകരിക്കുമ്പോൾ മുമ്പ് തൊഴിലാളികൾക്ക് ലഭിച്ചിരുന്ന അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളുടെയും തുടർച്ച ഉറപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലാണ് ഈ ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നത്. ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് ചാർജ്

മീറ്റർ ഘടിപ്പിക്കുന്നതിന് മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും സബ്സിഡി നൽകാനുള്ള നടപടി സ്വീകരിക്കണം. സ്വകാര്യ വാഹനങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ ചേരുന്നതിനായി തൊഴിലാളി സംഘടനകളിൽനിന്നും സാക്ഷ്യപത്രം ലഭ്യമാക്കാനും വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിന് ക്ഷേമനിധി ബോർഡിന്റെ സബ്സിഡിയോടുകൂടി കെൽട്രോണിനെ ചുമതലപ്പെടുത്താനും തയ്യാറാകണം. കേന്ദ്ര സർക്കാർ കൊണ്ടുവന്ന മോട്ടോർ വെഹിക്കിൾ (അമെന്റ്മെന്റ്) ആക്ട് പ്രകാരം 15 കൊല്ലം കഴിഞ്ഞ വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് ക്ഷേമനിധി ബോർഡുവഴി 10 ലക്ഷം രൂപയുടെ പരിശരഹിത വായ്പ നൽകിയാൽ ഗുണകരമാകും. മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന് എല്ലാ ജില്ലകളിലും സ്വന്തമായി ഓഫീസ് സമുച്ചയം സ്ഥാപിക്കാനും 'കേരള സവാരി' ഓൺലൈൻ നൂതന പദ്ധതിയെ കാര്യക്ഷമമാക്കി ജനകീയവൽക്കരിക്കാനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. പി. പി. ചിത്തരഞ്ജൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എം. രാജഗോപാലൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്ട് പ്രകാരം തൊഴിലുടമയും തൊഴിലാളിയും നിലവിൽ അടയ്ക്കുന്ന അംശദായം വർദ്ധിപ്പിച്ച് വിവാഹ ധനസഹായം, പ്രസവാനുകൂല്യം എന്നിവ ലഭ്യമാക്കുന്നതിനും മരണാനന്തര ധനസഹായം 10,000 രൂപയായി വർദ്ധിപ്പിക്കാനും വിനിയോഗിക്കും. തൊഴിലാളികളുടെ സാമൂഹിക പദവി, തൊഴിൽ സുരക്ഷ, തൊഴിലാളികളുടെ അവകാശ സംരക്ഷണം, മിനിമം വേതനം ഉറപ്പാക്കൽ, സാമ്പത്തിക സുരക്ഷ, തൊഴിലാളി-തൊഴിലുടമ ബന്ധം ശാക്തീകരിക്കപ്പെടൽ എന്നിവ ഈ ബിൽ പ്രാബല്യത്തിൽ വരുന്നതോടെ സാധ്യമാകും. തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾക്കായി പൊതുസോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട പ്രവർത്തനത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. അബ്കാരിത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗത്തിനോ ആശ്രിതനോ അപകടം, മരണം, അസുഖം എന്നിവ സംഭവിച്ചാൽ പരമാവധി 50,000 രൂപവരെ ധനസഹായവും ആശുപത്രി

രേഖകളുടെ അടിസ്ഥാനത്തിൽ 10,000 രൂപവരെ ചികിത്സാധനസഹായവും നൽകിവരുന്നു. ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ മക്കൾക്ക് പ്ലസ് ടു മുതൽ പ്രൊഫഷണൽ കോഴ്സ് വരെ പഠിക്കുന്നതിന് യോഗ്യതാപരീക്ഷയുടെ അടിസ്ഥാനത്തിലും കലാ-കായിക-ശാസ്ത്രരംഗത്ത് സംസ്ഥാന സർവ്വകലാശാലാതലത്തിൽ ഉന്നതവിജയം കരസ്ഥമാക്കിയവർക്കും സ്കോളർഷിപ്പ് നൽകിവരുന്നു. അംഗങ്ങളുടെ മക്കളുടെ വിവാഹത്തിന് പി.എഫ്. തുകയുടെ 50 ശതമാനം അഡ്വാൻസ് നൽകുന്നു. ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന സുരക്ഷ സ്വയം തൊഴിൽ പദ്ധതിപ്രകാരം 2.50 ലക്ഷം രൂപവരെ ധനസഹായം നൽകിവരുന്നു. കേന്ദ്ര സർക്കാരിന്റെ പുതിയ ലേബർ കോഡുകൾ സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ മിനിമം വേതനനിർണ്ണയം സങ്കീർണ്ണമാകുകയും തൊഴിലാളികൾ നേടിയെടുത്ത നേട്ടങ്ങൾ ഇല്ലാതാകുകയും പത്തിൽ കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ബോണസ് നൽകണമെന്ന വ്യവസ്ഥ ഒഴിവാക്കപ്പെടുകയും ട്രേഡ് യൂണിയനുകൾ രൂപീകരിക്കാനും സംഘടിക്കാനുമുള്ള അവകാശങ്ങൾ ഹനിക്കപ്പെടുന്ന സ്ഥിതിയുണ്ടാകുകയും ചെയ്യും. സംതൃപ്തവും പ്രവർത്തനനിരതവുമായ തൊഴിൽ മേഖല പ്രാവർത്തികമാക്കുന്നതിന് ലക്ഷ്യംവച്ചുകൊണ്ടുള്ള ഒരു പുതിയ

തൊഴിൽ നയമാണ് സംസ്ഥാന സർക്കാർ വിഭാവനം ചെയ്യുന്നത്. അബ്കാരിത്തൊഴിലാളികളുടെ ക്ഷേമത്തെ മുൻനിർത്തി പുതിയ ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിന് സഹായകരമായ ഭേദഗതിയാണ് നിലവിലുള്ള നിയമത്തിൽ വരുത്തിയിട്ടുള്ളത്.

ശ്രീ. സനീഷ്കുമാർ ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ടി. സിദ്ദിഖ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ തൊഴിലുടമ നൽകേണ്ട അംശദായം തൊഴിലാളിക്ക് നൽകുന്ന വേതനത്തിന്റെ 10% ആയിരിക്കുമെന്നും തൊഴിലാളിയുടെ അംശദായം തൊഴിലുടമ നൽകുന്ന അംശദായത്തിന് തുല്യമായിരിക്കുമെന്നും നിർവ്വചിച്ചിട്ടുണ്ട്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയിലൂടെ തൊഴിലുടമകൾ നൽകേണ്ട അംശദായ തുക വർദ്ധിപ്പിക്കാതെ തൊഴിലാളിയുടെ അംശദായം വർദ്ധിപ്പിച്ച് ഭരണച്ചെലവ് മുഴുവൻ തൊഴിലാളികളുടെ മേൽ അടിച്ചേൽപ്പിക്കാനാണ് ശ്രമിക്കുന്നത്.

ഡോ. കെ. ടി. ജലീൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ടി. ഐ. മധുസൂദനൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മോട്ടോർ തൊഴിലാളികൾക്ക് ലഭിച്ചിരുന്ന ആനുകൂല്യങ്ങളുടെ എണ്ണവും നിരക്കും വർദ്ധിപ്പിക്കുന്നതിനുള്ള ബില്ലിലെ നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. ഓട്ടോറിക്ഷാത്തൊഴിലാളികളെയും വർക്ക്ഷോപ്പ് തൊഴിലാളികളുൾപ്പെടെ മോട്ടോർ വാഹന മേഖലയിലുള്ള മറ്റ് തൊഴിലാളികളെയും ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തുകവഴി ഏറ്റവും കൂടുതൽ അംഗത്വമുള്ള ക്ഷേമനിധികളിലൊന്നായി മോട്ടോർ തൊഴിലാളി ക്ഷേമനിധി മാറും. അംഗങ്ങൾക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് കേന്ദ്ര ഓഫീസിലും ജില്ലാ ക്ഷേമനിധി ഓഫീസുകളിലും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും കമ്പ്യൂട്ടർ സംവിധാനമൊരുക്കുന്നതിനും ക്ഷേമനിധി ബോർഡ് സന്നദ്ധമാവുകയും ക്ഷേമനിധിയിൽ അപേക്ഷ നൽകുന്ന തീയതി മുതൽ പെൻഷൻ അനുവദിക്കുകയും ചെയ്യണം. പുതിയ ഓട്ടോറിക്ഷ വാങ്ങുമ്പോൾ 5 വർഷത്തെ ടാക്സും ലൈറ്റ് മോട്ടോർ വെഹിക്കിൾ വാങ്ങുമ്പോൾ 15 വർഷത്തെ ടാക്സും

ഒരുമിച്ചടയ്ക്കേണ്ടിവരുന്നതുകാരണമുള്ള ബുദ്ധിമുട്ടും സോഫ്റ്റ്‌വെയർ തകരാർ കാരണം ഉടമ/തൊഴിലാളി വിഹിതം ഒരുമിച്ചടയ്ക്കാൻ കഴിയാതെവരുന്നതും പരിഹരിക്കാൻ നടപടി സ്വീകരിക്കണം. ഓൺലൈൻ ടാക്സി സംവിധാനമായ കേരള സവാരി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുകയും പഴയ വാഹനം പൊളിക്കുന്നതിനുള്ള കാലാവധി 20 വർഷമാക്കി ഉയർത്തുന്ന കാര്യം പരിഗണിക്കുകയും ചെയ്യണം. പുതിയ ക്ഷേമനിധിപ്രകാരം പെൻഷൻ കണക്കാക്കുന്നതിന് പഴയ ക്ഷേമനിധിയിലെ അംഗത്വത്തിന്റെ കാലപരിധികൂടി പരിഗണിക്കുകയും എട്ട് വർഷം സർവ്വീസ് കണക്കാക്കി പെൻഷൻ കൊടുക്കുന്ന രീതി മുൻകാല പ്രാബല്യത്തോടെ നടപ്പാക്കുകയും വേണം. ക്ഷേമനിധി വിഹിതത്തിന്റെ കുടിശ്ശിക എപ്പോൾ വേണമെങ്കിലും അടയ്ക്കുന്നതിന് അനുമതി നൽകുന്ന രീതിയിൽ ബില്ലിൽ ഭേദഗതി വരുത്തണം. ക്ഷേമനിധിപ്രകാരമുള്ള ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തണം.

<u>ശ്രീ. എ. പി. അനിൽകുമാർ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മോട്ടോർ വാഹന

ഉടമകളും തൊഴിലാളികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ അനുഭാവപൂർവ്വം പരിഗണിക്കുകയും പരമാവധി തൊഴിലാളികളെ ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിനുള്ള പരിശ്രമം നടത്തുകയും വേണം. മറ്റ് ക്ഷേമനിധി ബോർഡുകളിൽനിന്ന് വിഭിന്നമായി സാമ്പത്തിക ആസ്തിയുള്ള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പരമാവധി തൊഴിലാളികളെ അംഗങ്ങളാക്കാനും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും ബസ് വ്യവസായത്തെ തകർക്കാതെ തൊഴിലാളികളെ സംരക്ഷിക്കാനും നടപടി സ്വീകരിക്കണം. തൊഴിലാളികൾക്ക് ആവർത്തിച്ചുണ്ടാകുന്ന അപകടങ്ങൾക്ക് സമയപരിധി നിശ്ചയിക്കാതെ സഹായം നൽകണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): അസംഘടിതരെയും പാർശ്വവൽക്കരിക്കപ്പെട്ട തൊഴിലാളികളെയും മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും കാലഘട്ടത്തിനനുസരിച്ച് തൊഴിൽ മേഖലകൾ നവീകരിക്കുന്നതിനും അതിനനുസരിച്ചുള്ള നൈപുണ്യവികസനം പ്രദാനം ചെയ്യുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് തൊഴിൽ വകുപ്പ് നടത്തുന്നത്. കേരളത്തിലെ എല്ലാ തൊഴിൽമേഖലകളും സ്ത്രീസൗഹൃദമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. തൊഴിൽ മേഖലകളിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും ഓട്ടോ-

ടാക്സികളിൽ മിതമായ നിരക്കിൽ ജനങ്ങൾക്ക് യാത്ര ചെയ്യുന്നതിനായി ഓൺലൈൻ ഓട്ടോ-ടാക്സി പദ്ധതിയായ 'കേരള സവാരി' നടപ്പിലാക്കുകയും ചെയ്തു. അതിഥി തൊഴിലാളികൾക്ക് ഇൻഷ്വറൻസ്, സാമൂഹ്യ സുരക്ഷാ പദ്ധതികളുൾപ്പെടെ തദ്ദേശ തൊഴിലാളികൾക്ക് ലഭിക്കുന്ന എല്ലാ സൗകര്യങ്ങളും ഉറപ്പാക്കിയിട്ടുണ്ട്. ഓണക്കാലത്ത് അർഹമായ ബോണസ് ഉറപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ബോർഡുകളിനിന്ന് ലഭിക്കുന്ന പെൻഷൻ അപേക്ഷയിൽ ഓഫീസർ ഒപ്പുവയ്ക്കുന്ന തീയതി മുതൽ മാത്രമേ പെൻഷൻ ലഭിക്കൂ എന്ന വ്യവസ്ഥ ഭേദഗതി ചെയ്യണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. യുവജനതയെ ലഹരി ഉപയോഗത്തിൽനിന്ന് പിന്തിരിപ്പിക്കുന്നതിനും ലഹരി മാഫിയയെ നിയന്ത്രിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ഓൺലൈൻ ഭക്ഷണവിതരണ മേഖലയിൽ ജോലി ചെയ്യുന്ന ഗിഗ് തൊഴിലാളികളെ ഏതെങ്കിലും ക്ഷേമനിധിയുടെ ഭാഗമാക്കുന്നതിനും ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യഥാർത്ഥ തൊഴിലാളികളല്ലാത്തവരെ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

## 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

### രണ്ടാം വകുപ്പ്

115, 118, 120 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

119. ഖണ്ഡം 2-ൽ " ചേർക്കേണ്ടതാണ്" എന്നതിനുശേഷമുള്ള " ; " എന്ന ചിഹ്നത്തിന് പകരം " . " എന്ന ചിഹ്നം ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

124, 125, 126, 132, 133, 134, 137, 139, 141, 142, 143, 144, 145, 146 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

148, 149, 159, 161, 162 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

151. ഖണ്ഡം 4(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "പത്തു" എന്നതിന് പകരം " പത്ത് " എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

111. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്."

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

### രണ്ടാം വകുപ്പ്

137, 139, 141, 145, 154, 155, 156, 161, 168, 173, 174, 175, 176, 177, 178, 179, 180, 181, 185, 186, 189 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

157. In section 2(d) proposed to be inserted in the principal Act by Clause 2(a), the figure " 4" occurring after the word and symbol " workers," shall be deleted.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

155. In section 2(d) proposed to be inserted in the principal Act by Clause 2(a) for the word " fireman" the word " tyreman" shall be substituted.

156. In section 2(d) proposed to be inserted in the principal Act by Clause 2(a) for the word " workers," the word " worker" shall be substituted.

177. In section 2(d) proposed to be inserted in the principal Act by Clause 2(a), before the words " worker notified" , the word " and" shall be inserted.

181. In section 2(e) proposed to be inserted in the principal Act by Clause 2(b), between the words " and " and " person" the word " the" shall be inserted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മൂന്നുംനാലും വകുപ്പുകൾ

(ഭേദഗതിയില്ല)

മൂന്നുംനാലും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നുംനാലും വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## അഞ്ചാം വകുപ്പ്

194, 196, 197, 211 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു. മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

196. In section 12B proposed to be inserted in the principal Act by Clause 5, after the word " self" the symbol " -" shall be inserted.

197. In section 12B proposed to be inserted in the principal Act by Clause 5, for the word and figure " Motor4" the word " Motor" shall be substituted.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

213, 215 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

215. In section 24(2) proposed to be inserted in the principal Act by Clause 6, after the figures and word " 1991 and" , the word " the" shall be inserted wherever it occurs.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

213-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

108, 112, 117, 118, 122, 128 129 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

122. In the enacting formula, for the figure and word " 4as" the word " as" shall be substituted.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 5.18-ന് പിരിഞ്ഞു.

.............